# കേരളസർവകലാശാല

നം.പി.ആർ.174/2021

## പത്രക്കുറിപ്പ്

**കേരളസർവകലാശാല ഒന്നാം വർഷ ബിരുദ പ്രവേശനം 2021**
**ഒന്നാം ഘട്ട അലോട്ട്മെന്റ് – ഫീസ് ഒടുക്കുന്നതിനുള്ള അവസാന തീയതി സെപ്റ്റംബർ 05 വരെ**

കേരളസർവകലാശാലയുടെ 2021–22 അദ്ധ്യയന വർഷത്തിലെ ഒന്നാം വർഷ ബിരുദ പ്രവേശനത്തിനുള്ള ഒന്നാം ഘട്ട അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ അഡ്മിഷൻ വെബ്സൈറ്റിൽ ലോഗ് ഇൻ ചെയ്ത് നിശ്ചിത സർവകലാശാല ഫീസ് സെപ്റ്റംബർ 5–ന് വൈകുന്നേരം 5 മണിയ്ക്കകം ഓൺലൈ നായി ഒടുക്കി തങ്ങളുടെ അലോട്ട്മെന്റ് ഉറപ്പാക്കേണ്ടതാണ്. ഓൺലൈനായി ഫീസ് ഒടുക്കിയ ശേഷം Transaction Success എന്ന രസീതിന്റെ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്. മേൽപറഞ്ഞ രീതിയിൽ സർവ കലാശാല ഫീസ് ഒടുക്കാത്ത അപേക്ഷകരുടെ അലോട്ട്മെന്റ് റദ്ദാകുന്നതും അവരെ അടുത്ത അലോ ട്ട്മെന്റുകളിൽ പരിഗണിക്കുന്നതുമല്ല. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ തങ്ങൾക്ക് ലഭിച്ച സീറ്റിൽ തൃപ്തര ല്ലെങ്കിൽ പോലും തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതിനായി സർവകലാശാല ഫീസ് മേൽപ റഞ്ഞ രീതിയിൽ അടയ്ക്കേണ്ടതാണ്. അലോട്ട്മെന്റിൽ തൃപ്തരാണെങ്കിൽ സർവകലാശാല ഫീസ് ഒടുക്കി അലോട്ട്മെന്റ് ഉറപ്പാക്കിയ ശേഷം ആവശ്യമെങ്കിൽ അവരുടെ ഹയർ ഓപ്ഷനുകൾ സെപ്റ്റംബർ 05 ാം തീയതി വരെ നീക്കം ചെയ്യാവുന്നതാണ്. ഹയർ ഓപ്ഷനുകൾ നിലനിർത്തുന്ന അപേക്ഷകരെ അടുത്ത അലോട്ട്മെന്റിൽ ആ ഓപ്ഷനുകളിലേയ്ക്ക് പരിഗണിക്കുന്നതും ഇങ്ങനെയുള്ളവർ പുതിയ അലോട്ട്മെന്റിൽ ലഭിക്കുന്ന സീറ്റ് നിർബന്ധമായും സ്വീകരിക്കേണ്ടതുമാണ്.

**കേരളസർവകലാശാല ബി.എ മ്യൂസിക് ഒന്നാം വർഷ ബിരുദ പ്രവേശനം 2021**

കേരളസർവകലാശാലയുടെ ഒന്നാം വർഷ ബി.എ. മ്യൂസിക്കിന് പ്രവേശനത്തിനുള്ള അഭിരുചി പരീക്ഷ കൾ നീറമൺകര എൻ.എസ്.എസ്. കോളേജിൽ 08.09.2021 നും തിരുവനന്തപുരം വഴുതയ്ക്കാട് ഗവൺമെന്റ് വനിതാ കോളേജിൽ 09.09.2021 നും കൊല്ലം എസ്. എൻ. വനിതാ കോളേജിൽ 10.09.2021 നും നടത്തുന്നതാ ണ്. 13.09.2021–ന് റാങ്ക് പട്ടിക അതത് കോളേജുകളിൽ പ്രസിദ്ധപ്പെടുത്തും. കൂടുതൽ വിവരങ്ങൾക്ക് ബന്ധ പ്പെട്ട കോളേജ് പ്രിൻസിപ്പലിനെ സമീപിക്കേണ്ടതാണ്. സർവകലാശാലയിലേക്ക് അപേക്ഷകൾ അയയ്ക്കേ ണ്ടതില്ല.

**കേരളസർവകലാശാല ഒന്നാം വർഷ ബി.എഡ് പ്രവേശനം 2021–22**
**ഓൺലൈൻ രജിസ്ട്രേഷൻ തിയതി 08.09.2021 ന് ആരംഭിക്കുന്നതാണ്.**

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവ./എയ്ഡഡ്/സ്വാശ്രയ/കെ.യു.സി.ടി.ഇ ട്രെയിനിങ് കോളേജുകളിലെയും ഒന്നാം വർഷ ബി.എഡ് പ്രവേശനത്തിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ 08.09.2021 ന് ആരംഭിക്കുന്നതാണ്.

(പ്രത്യേക കുറിപ്പ്: എല്ലാ എഡിഷനിലുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

**പുതുക്കിയ പരീക്ഷാതീയതി**

കേരളസർവകലാശാല 2021 സെപ്റ്റംബർ 8 ന് ആരംഭിക്കാനിരുന്ന ബി.കോം എസ്.ഡി.ഇ. രണ്ടാം സെമസ്റ്റർ പരീക്ഷകൾ പുനഃക്രമീകരിച്ചു. സെപ്റ്റംബർ 8 ന് നടത്താനിരുന്ന പരീക്ഷ സെപ്റ്റംബർ 10 നും, 10–ാം തീയതിയിലെ പരീക്ഷ 13–ാം തീയതിലേക്കും 13–ാം തീയതിയിലെ പരീക്ഷ 24–ാം തീയതിലേക്കും പുനഃക്രമീകരിച്ചു. സെപ്റ്റംബർ 15, 20, 22 തീയതികളിലെ പരീക്ഷകൾക്ക് മാറ്റമില്ല. പരീക്ഷാസമയം 1.30 മുതൽ 4.30 വരെയും വെള്ളിയാഴ്ച 2 മുതൽ 5 മണി വരെയുമായിരിക്കും. പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയിലെ കൊല്ലം എസ്.എൻ കോളേജ്, ആയുർ മാർത്തോമാ കോളേജ് എന്നീ കേന്ദ്രങ്ങളിൽ 2021 സെപ്റ്റംബർ 7 ന് നടത്താനിരുന്ന നാലാം സെമസ്റ്റർ എം.എസ്.സി ബയോടെക്നോളജി പ്രൊജക്ട്/വൈവ പരീക്ഷകൾ സെപ്റ്റംബർ 8 ലേക്ക് മാറ്റിയിരിക്കുന്നു. വിവരം വെബ്സൈറ്റിൽ.

## വൈവ പരീക്ഷ

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ എം.എസ്സി. സൈക്കോളജി, കൗൺസിലിംഗ് സൈക്കോളജി മാർച്ച് 2021 പരീക്ഷകളുടെ വൈവ പരീക്ഷകൾ 2021 സെപ്റ്റംബർ 15 മുതൽ അതത് കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരം വെബ്സൈറ്റിൽ.

## പരീക്ഷാഫലം

കേരളസർവകലാശാല 2020 ഒക്ടോബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ. (ഫിലോസഫി, സംസ്കൃതം ജനറൽ, അറബിക് ലാഗ്വേജ് ആന്റ് ലിറ്ററേച്ചർ, ഹിസ്റ്ററി, പൊളിറ്റിക്കൽ സയൻസ്, സോഷ്യോള ജി, ഇസ്ലാമിക് ഹിസ്റ്ററി, തമിഴ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ, ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ്, പബ്ലിക് അഡ്മി നിസ്ട്രേഷൻ, മ്യൂസിക്, മ്യൂസിക് (വീണ, വയലിൻ, മൃദംഗം), ഡാൻസ് (കേരളനടനം), മാസ് കമ്മ്യൂണിക്കേ ഷൻ ആന്റ് ജേർണിസം) എം.എസ്സി. (സുവോളജി, ജിയോളജി, എൻവിയോൺമെന്റൽ സയൻസ്, സ്റ്റാറ്റിസ്റ്റി ക്സ്, സൈക്കോളജി, കൗൺസിലിംഗ് സൈക്കോളജി, ഹോം സയൻസ്), എം.എസ്.ഡബ്ല്യൂ. സോഷ്യൽവർക്ക്, എം.കോം. എന്നീ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് സെപ്റ്റംബർ 17 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ

കേരളസർവകലാശാലയുടെ എട്ടാം സെമസ്റ്റർ ബി.ടെക്. (2008 & 2013 സ്കീം) ഡിസംബർ 2020, ഇൻഫർമേഷൻ ടെക്നോളജി, കമ്പ്യൂട്ടർ സയൻസ് ശാഖകളുടെ പ്രാക്ടിക്കൽ പരീക്ഷകൾ സെപ്റ്റംബർ 10 ന് കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ (യു.സി.ഇ.കെ.) വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

കേരളസർവകലാശാല 2021 ഒക്ടോബർ 6 മുതൽ നടത്താൻ നിശ്ചയിച്ചിരുന്ന ഒന്നാം സെമസ്റ്റർ എം.ബി.എ. (വിദൂരവിദ്യാഭ്യാസം റെഗുലർ – 2020 അഡ്മിഷൻ, സപ്ലിമെന്ററി – 2019, 2018 അഡ്മിഷൻ) ഡിഗ്രി പരീക്ഷയുടെ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. പരീക്ഷാഫീസ് പിഴകൂടാതെ സെപ്റ്റംബർ 10 വരെയും 150 രൂപ പിഴയോടുകൂടി സെപ്റ്റംബർ 15 വരെയും 400 രൂപ പിഴയോടുകൂടി സെപ്റ്റംബർ 17 വരെയും അടയ്ക്കാവുന്നതാണ്. വിശദവിവരം വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 ഒക്ടോബർ 7 മുതൽ നടത്താൻ നിശ്ചയിച്ചിരുന്ന രണ്ടാം സെമസ്റ്റർ എം.ബി.എ. (വിദൂരവിദ്യാഭ്യാസം റെഗുലർ– 2019 അഡ്മിഷൻ, സപ്ലിമെന്ററി 2018 അഡ്മിഷൻ) ഡിഗ്രി പരീക്ഷയുടെ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. പരീക്ഷാഫീസ് പിഴകൂടാതെ 2021 സെപ്റ്റംബർ 10 വരെയും 150 രൂപ പിഴയോടുകൂടി സെപ്റ്റംബർ 15 വരെയും 400 രൂപ പിഴയോടുകൂടി സെപ്റ്റംബർ 17 വരെയും അടയ്ക്കാവുന്നതാണ്. വിശദവിവരം വെബ്സൈറ്റിൽ.

കേരളസർവകലാശാല യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് കാര്യവട്ടത്തെ 2018 സ്കീം വിദ്യാർഥികളുടെ 2021 സെപ്റ്റംബർ 23 ന് ആരംഭിക്കുന്ന ആറാം സെമസ്റ്റർ റെഗുലർ ബി.ടെക്. ഡിഗ്രി (സെപ്റ്റംബർ 2021), 2018 സ്കീം വിദ്യാർഥികളുടെ 2021 സെപ്റ്റംബർ 28 ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ (റെഗുലർ/ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) ബി.ടെക്. ഡിഗ്രി (സെപ്റ്റംബർ 2021) പരീക്ഷകളുടെ നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചു. ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. പിഴകൂടാതെ 2021 സെപ്റ്റംബർ 13 വരെയും 150 രൂപ പിഴയോടുകൂടി സെപ്റ്റംബർ 16 വരെയും 400 രൂപ പിഴയോടുകൂടി സെപ്റ്റംബർ 20 വരെയും ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. വിശദവിവരം വെബ്സൈറ്റിൽ.

കേരളസർവകലാശാല യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് കാര്യവട്ടത്തെ 2018 സ ്കീമിലെ മൂന്നാം സെമസ്റ്റർ (റെഗുലർ/ ഇംപ്രൂവ്മെന്റ്/ സപ്ലിമെന്ററി) ബി.ടെക്. ഡിഗ്രി പരീക്ഷ ഏപ്രിൽ 2021 ന്റെ ഭാഗമായുള്ള പ്രാക്ടിക്കൽ പരീക്ഷകൾ ഇലക്ട്രോണിക്സ് ആൻഡ് കമ്യൂണിക്കേഷൻസ് വിഭാഗത്തിന് 2021 സെപ്റ്റംബർ 15, 16 തീയതികളിലും ഇൻഫർമേഷൻ ടെക്നോളജി വിഭാഗത്തിന് സെപ്റ്റംബർ 13, 14 തീയതികളിലും കമ്പ്യൂട്ടർ സയൻസ് വിഭാഗത്തിന് സെപ്റ്റംബർ 6 മുതൽ മുതൽ 8 വരെയും പ്രസ്തുത കോളേജിൽ വച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

തിരുവനന്തപുരം,
04.09.2021.

പബ്ലിക് റിലേഷൻസ് ഓഫീസർ

**E-mail:** For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**

**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**